GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

15-07-2021

1. **വിള ഇൻഷ്വറൻസ് രജിസ്ട്രേഷൻ**

ഖാരിഫ് 2021 സീസണിലേക്കുള്ള പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയുടേയും കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസ് പദ്ധതിയുടേയും സ്പെഷ്യൽ രജിസ്ട്രേഷൻ ക്യാമ്പയിൻ ജൂലായ് 16 വരെ നടത്താവുന്നതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന കർഷകർ ആധാർകാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ്, നികുതിച്ചീട്ട്, പാട്ടകൃഷിയുണ്ടെങ്കിൽ പാട്ടച്ചീട്ട് എന്നിവയുടെ കോപ്പിയുമായി ഏറ്റവും അടുത്തുള്ള കേന്ദ്രഗവൺമെന്റിന്റെ ഡിജിറ്റൽ സേവാകേന്ദ്രങ്ങളെയോ (CSC) അക്ഷയകേന്ദ്രങ്ങളെയോ സമീപിക്കേണ്ടതാണ്.

2. വിളകളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും പ്രതിരോധ ശേഷി കൂട്ടുന്നതിനും സഹായിക്കുന്ന ജൈവനിയന്ത്രണ ഉപാധികളായ വിവിധ ഉൽപ്പന്നങ്ങൾ വിതരണത്തിനു സജ്ജമായിട്ടുള്ളതായി മണ്ണുത്തിയിൽ പ്രവർത്തിയ്ക്കുന്ന സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി ഡപ്യൂട്ടി ഡയറക്ടർ അറിയിക്കുന്നു.

3. നെടുമുടി കൃഷിഭവൻ പരിധിയിൽ വരുന്ന രണ്ടാം കൃഷിയിറക്കിയ നെൽപാടങ്ങളിൽ വിതച്ച് 20 ദിവസം വരെ പ്രായമായ ചില പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി കീടനിരീക്ഷണകേന്ദ്രം അറിയിക്കുന്നു. വളർച്ച മുരടിപ്പ്, നാമ്പ് മഞ്ഞളിപ്പ്, ചെടി ഉരുകിപ്പോകുന്നതുപോലെയും, തണ്ടുതുരപ്പന്റേതിന് സമാനവുമായ ലക്ഷണങ്ങൾ എന്നിവ കാണുന്ന പക്ഷം കർഷകർ അടിയന്തിരമായി കീടനിരീക്ഷണകേന്ദ്രവുമായി **8547865338** എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ഓൺലൈൻ പരിശീലന പരിപാടികൾ**

**4.** എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ ആർ എ റ്റി റ്റി സി, വൈറ്റില കർഷകർക്കായി **പച്ചക്കറി കൃഷി പാഠങ്ങൾ** എന്ന പരമ്പരയുടെ ഭാഗമായി നാളെ (16/7/2021 ന്) പച്ചക്കറികൃഷി –തക്കാളി വഴുതന, മുളക് എന്ന വിഷയത്തിൽ മരട് കൃഷി ഓഫീസർ ചിത്ര കെ പിള്ള ഫേസ് ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. ആർ എ റ്റി സി ട്രയിനിങ്ങ് എന്ന ഫേസ് ബുക്ക് പേജ് വഴി പരിശീലനങ്ങളിൽ തത്സമയം പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ വന്ധപ്പെടുക – 0484 2703094

**5.** **കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (15/07/2021 ന) രാവിലെ 11 മണിക്ക് "തീറ്റപ്പുൽകൃഷി പദ്ധതികൾ " എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി ഇനി പറയുന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക.** http://meet.google.com/aig-qtww-syb **കൂടുതൽ വിവരങ്ങൾക്ക് 9446228368 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.**

**6.** **കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി മുയൽ വളർത്തൽ സംബന്ധിച്ച് ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 – 2732918. 9188522701 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.**

**7.** വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (15-ന്) ആനന്ദകരമായ ആയാസരഹിതമായ ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ഇനി പറയുന്ന ഫോൺ

നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക. **9400831831, 9400289642.** ഇ-മെയിൽ sfftraining2021@gmail.com

8. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (15/07/2021 ന) രാവിലെ 11 മണിക്ക് "ശുദ്ധമായ പാലുത്പാദനം" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി ഇനി പറയുന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക http://meet.google.com/iff-xwbj-kqe കൂടുതൽ വിവരങ്ങൾക്ക് **0481–2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി പോത്ത് വളർത്തൽ എന്ന വിഷയത്തൽ ഇന്ന് രാവിലെ 10.30 മുതൽ ഓൺലൈൻ പിശീലനം നടത്തുന്നു. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കാനായി **9188522713** എന്ന നമ്പരിൽ വാട്സ്ആപ്പ് മെസേജ് അയയ്ക്കേണ്ടതാണ്.

10. അടൂർ ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി പത്തനംതിട്ട കെ വി കെയിലെ ഡോ സെൻസി മാത്യു കാലിരോഗങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. രാവിലെ 10.30 മുതൽ ഗൂഗിൾ മീറ്റ് വഴി നടത്തുന്ന പരിശീലനത്തിന്റെ ലിങ്ക് ഇനി പറയുന്നു. http://meet.google.com/pwy-nntc-phn കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - **9447400261**

11. തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രം, ക്ഷീരകർഷകർക്കായി **"പാലിൽ നിന്നും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ"** എന്ന വിഷയത്തിൽ ഇന്ന് (15 ന് ) രാവിലെ 11.30 മണി

മുതലും നാളെ (16 ന് ) ക്ഷീസഹകരണ സംഘം പ്രസിഡന്റുമാരും ഭരണ സമിതി അംഗങ്ങളും അറിയേണ്ടതെല്ലാം എന്ന വിഷയത്തിലും ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **0471-2440911** എന്ന നമ്പരിലോ dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

12. കണ്ണൂർ കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ യുവതീ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുവാനും നിലനിർത്തുവാനും ലക്ഷ്യമിടുന്ന ആര്യ പദ്ധതിയുടെ ഭാഗമായി പഴം പച്ചക്കറി സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം 23-07-2021 ന് ഉച്ചയ്ക്ക് 2 മണിക്ക് സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0460 2226087 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

13. **കാർഷിക സർവ്വകലാശാല വിളപരിപാലന നിർദ്ദേശങ്ങൾ**

താഴ്ന്ന പ്രദേശങ്ങളിലെ വാഴ തോട്ടങ്ങളിൽ നീർവ്വാർച്ചാ സൌകര്യം ഉറപ്പുവരുത്തുക. പാകമായ കായകളിൽ കറുപ്പ കലർന്ന തവിട്ട നിറത്തിലുള്ള വൃത്താകൃതിയിലുള്ള കുഴിഞ്ഞ പുള്ളികൾ കാണുന്നത് കുഴിപ്പുള്ളി രോഗത്തിന്റെ ലക്ഷണമാണ്. ഇതിനെ നിയന്ത്രിക്കാൻ തോട്ടത്തിലെ ഉണങ്ങിയും രോഗം ബാധിച്ചതുമായ ഇലകൾ മുറിച്ച് മാറ്റേണ്ടതും കുല പൊതിയുകയും ചെയ്യേണ്ടതാണ്. തുടർച്ചയായി രോഗം കാണുന്ന സ്ഥലങ്ങളിൽ മഴക്കാലത്ത് കുല മൂപ്പെത്തുന്ന പക്ഷം കുല വിരിഞ്ഞ് ഒരു മാസത്തിനുള്ളിൽ അര മില്ലി അസോക്സിസ്റ്റോബിൻ അല്ലെങ്കിൽ അര ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ പ്ലസ് ടെബുകൊണാസോൾ (നാറ്റീവോ) ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുലകളിൽ തളിയ്ക്കുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപു